## പ്രധാന

1. പുതു തലമുറ ജിഎസ്ടി പരിഷ്കാരങ്ങൾ ഗാർഹിക ചെലവുകൾ ലഘൂകരിക്കുമെന്നും സമ്പാദ്യം വർദ്ധിപ്പിക്കുമെന്നും പ്രധാനമന്ത്രി നരേന്ദ്രമോദി.
   Prime Minister Narendra Modi said that the new generation GST reforms will ease household expenses and increase savings.
2. ചരക്ക് സേവന നികുതി പരിഷ്ക്കാരങ്ങൾ പ്രാബല്യത്തിൽ വന്നതോടെ നിത്യോപയോഗ സാധനങ്ങൾ ഉൾപ്പെടെ 400 ലധികം ഉത്പന്നങ്ങൾക്ക് വില കുറഞ്ഞു.
   With the implementation of the Goods and Services Tax reforms, the prices of more than 400 products, including daily necessities, have come down.
3. നാളെ ആയുർവേദ ദിനം. മനുഷ്യനും പരിസ്ഥിതിക്കും ഇടയിലുള്ള ഐക്യം എന്ന തത്വത്തിൽ വേരൂന്നിയ ജീവശാസ്ത്രമാണ്

ആയുർവേദമെന്ന് കേന്ദ്ര സഹമന്ത്രി പ്രതാപ്റാവു ജാദവ്.

Tomorrow is Ayurveda Day. Union Minister of State Pratap Rao Jadhav said that Ayurveda is a biological science rooted in the principle of harmony between man and environment.

4. ലോകമെമ്പാടുമുള്ള പ്രവാസികളുടെ ക്ഷേമവും സുരക്ഷയും ഉറപ്പാക്കാൻ സംസ്ഥാനസർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. പ്രവാസികൾക്ക് വേണ്ടി നടപ്പിലാക്കുന്ന സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി പ്രാബല്യത്തിൽ.

Chief Minister Pinarayi Vijayan said that the state government is committed to ensuring the welfare and safety of expatriates around the world. The comprehensive health insurance scheme implemented for expatriates came into effect.

5. നവരാത്രി ആഘോഷങ്ങൾക്ക് രാജ്യത്ത് തുടക്കമായി. നവരാത്രി വിഗ്രഹ ഘോഷയാത്ര അൽപ്പസമയത്തിനകം തിരുവനന്തപുരം പത്മനാഭ സ്വാമിക്ഷേത്രത്തിലെത്തിച്ചേരും.

Navratri celebrations have begun in the country. The Navratri idol procession will reach the

**Padmanabha Swamy temple in Thiruvananthapuram shortly.**

**6.ഏഷ്യ കപ്പ് ക്രിക്കറ്റിൽ ഇന്ത്യ-ബംഗ്ലാദേശ് പോരാട്ടം മറ്റന്നാൾ.**

**India-Bangladesh match in Asia Cup cricket to be held the day after tomorrow.**

❁❁❁❁❁❁❁❁❁❁❁❁❁

## REV. PM ARUNACHAL VISIT (INTRO)

2030 ആകുമ്പോഴേക്കും സൗരോർജ്ജം, കാറ്റ്, ജലവൈദ്യുത പദ്ധതികൾ തുടങ്ങിയ പാരമ്പര്യേതര സ്രോതസ്സുകളിൽ നിന്ന് 500 ജിഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കുക എന്നതാണ് ഇന്ത്യയുടെ ലക്ഷ്യം എന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി . ഇതേ ദിശയിലാണ് അരുണാചൽ പ്രദേശ് പ്രവർത്തിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. അരുണാചൽ പ്രദേശിൽ 5,100 കോടി രൂപയുടെ അടിസ്ഥാന സൗകര്യ പദ്ധതികൾക്ക് തുടക്കം കുറിച്ച ശേഷം ഇറ്റാനഗറിലെ ഇന്ദിരാഗാന്ധി പാർക്കിൽ പൊതുയോഗത്തിൽ സംസാരിക്കുകയായിരുന്നു പ്രധാനമന്ത്രി .ഷി യോമി ജില്ലയിലെ രണ്ട് പ്രധാന ജലവൈദ്യുത പദ്ധതികൾക്കും തവാങ്ങിൽ ഒരു കൺവെൻഷൻ സെന്ററിനും ശ്രീ മോദി തറക്കല്ലിട്ടു. പുതു തലമുറ ജിഎസ്ടി പരിഷ്കാരങ്ങളുടെ ഏറ്റവും വലിയ ഗുണഭോക്താക്കൾ സ്ത്രീകളായിരിക്കുമെന്നും പുതിയ പരിഷ്കാരങ്ങൾ പ്രതിമാസ ഗാർഹിക ചെലവുകൾ ലഘൂകരിക്കുകയും സമ്പാദ്യം വർദ്ധിപ്പിക്കുകയും ചെയ്യുമെന്നും പ്രധാനമന്ത്രി

വ്യക്തമാക്കി .
**( ഹോൾഡ് വോയ്സ് )**

## GST -GENERAL

GST പരിഷ്ക്കാരങ്ങൾ നിലവിൽ വന്നതോടെ നിത്യോപയോഗ സാധനങ്ങൾ ഉൾപ്പെടെ 400 ലധികം ഉത്പന്നങ്ങൾക്ക് വില കുറഞ്ഞു. വെണ്ണ, നെയ്യ്, പാൽ, പാലുത്പന്നങ്ങൾ, ഷാംപൂ, ഹെയർഓയിൽ, തുടങ്ങിയവയ്ക്ക് വില കുറഞ്ഞു. എ.സി, എൽ.ഇ.ഡി, 32 ഇഞ്ചിന് മുകളിലുള്ള ടി.വി, ഉൾപ്പെടയുള്ള ഇലക്ട്രോണിക് സാധനങ്ങളുടെ വിലയിലും ഗണ്യമായ കുറവുണ്ടായി. ആരോഗ്യ ഇൻഷുറൻസ്, ലൈഫ് ഇൻഷുറൻസ് എന്നിവയ്ക്ക് നികുതി ഒഴിവാക്കിയതും കൃഷി, ആരോഗ്യം, എന്നീ മേഖലകളിലെ ഉത്പന്നങ്ങളുടെ വില കുറഞ്ഞതും സാധാരണക്കാർക്ക് വലിയ ആശ്വാസമാകും.

## GST-HARDEEP SINGH PURI

പുതിയ ജിഎസ്ടി പരിഷ്കാരങ്ങൾ നടപ്പിലായശേഷം ജനങ്ങൾക്കിടയിൽ സന്തോഷത്തിന്റെയും ആഘോഷത്തിന്റെയും തരംഗം പ്രകടമായതായി കേന്ദ്രമന്ത്രി ഹർദീപ് സിംഗ് പുരി. ഉപഭോഗ വസ്തുക്കളുടെ ജിഎസ്ടി നിരക്കുകൾ കുറച്ചത് മധ്യവർഗ കുടുംബങ്ങൾക്കും സാമ്പത്തികമായി ദുർബലരായ വിഭാഗങ്ങൾക്കും ഗുണം ചെയ്യുമെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.

## GST - BALAGOPAL

ജി.എസ്.ടി പരിഷ്കരണം നിലവിൽ വന്നതോടെ സംസ്ഥാനത്തിന്റെ വരുമാനത്തിൽ കുറവ് ഉണ്ടാകുമെന്നാണ് കണക്കാക്കുന്നതെന്ന് ധനമന്ത്രി കെ.എൻ.ബാലഗോപാൽ പറഞ്ഞു. പരിഷ്കരണത്തിന്റെ ഗുണഫലങ്ങൾ ജനങ്ങൾക്ക് ലഭ്യമാകുന്നുണ്ടോയെന്ന് നിരീക്ഷിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

## GST RESPONSE ( INTRO)

പുതു തലമുറ ജി എസ്ടി നിരക്ക് രാജ്യത്ത് പ്രാബല്യത്തിൽ വന്ന സാഹചര്യത്തിൽ കളിപ്പാട്ടങ്ങളുടെ ജിഎസ്ടി കുറച്ചതിന് പ്രധാനമന്ത്രി നരേന്ദ്ര മോദിയോട് നന്ദി രേഖപ്പെടുത്തുകയാണ് സെഫിർ ടോയ്മേക്കേഴ്സ് പ്രൈവറ്റ് ലിമിറ്റഡിന്റെ സിഇഒ മോയിസ് ഗബാജിവാല. കേന്ദ്ര സർക്കാരിന്റെ തീരുമാനം സമൂഹത്തിലെ എല്ലാ വിഭാഗങ്ങളിലുമുള്ള കുട്ടികൾക്കും കളിപ്പാട്ടങ്ങൾ വാങ്ങാനാകുന്ന സാഹചര്യം ഒരുക്കിയതായും അദ്ദേഹം പറഞ്ഞു.

**( ഹോൾഡ് വോയിസ് )**

## Ayurveda Day Celebrations

നാളെ ആയുർവേദ ദിനം. ജനങ്ങൾക്കും ഗ്രഹത്തിനും വേണ്ടി ആയുർവേദം" എന്നതാണ് ഈ വർഷത്തെ ആയുർവേദ ദിന പ്രമേയം. ആയുർവേദം വെറുമൊരു ആരോഗ്യ സംരക്ഷണ സംവിധാനമല്ല, മറിച്ച് മനുഷ്യനും പരിസ്ഥിതിക്കും ഇടയിലുള്ള

ഐക്യം എന്ന തത്വത്തിൽ വേരൂന്നിയ ജീവശാസ്ത്രമാണെന്ന് കേന്ദ്ര ആയുഷ് സഹമന്ത്രി പ്രതാപ്റാവു ജാദവ് പറഞ്ഞു.

☸☸☸☸☸☸☸☸☸☸☸☸☸

## AYRVEDIC DAY

പത്താമത് ആയുർവേദ ദിനാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി വീണാ ജോർജ് നാളെ വൈകിട്ട് തിരുവനന്തപുരത്ത് നിർവഹിക്കും. ദിനാചരണത്തോടനുബന്ധിച്ച് 14.39 കോടി രൂപയുടെ 12 പദ്ധതികളുടെ ഉദ്ഘാടനവും മന്ത്രി നിർവഹിക്കും. വി.കെ. പ്രശാന്ത് എംഎൽഎ ചടങ്ങിൽ അധ്യക്ഷത വഹിക്കും.

☸☸☸☸☸☸☸☸☸☸☸☸☸

## NORKA CARE

ലോകമെമ്പാടുമുള്ള പ്രവാസികളുടെ ക്ഷേമവും സുരക്ഷയും ഉറപ്പാക്കാൻ സംസ്ഥാനസർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. പ്രവാസികളായ കേരളീയർക്കും കുടുംബാംഗങ്ങൾക്കുമായി നോർക്ക റൂട്ട്സ് നടപ്പാക്കുന്ന സമഗ്ര ആരോഗ്യ-അപകട ഇൻഷുറൻസ് പദ്ധതി 'നോർക്ക കെയർ' മുഖ്യമന്ത്രി തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്തു. വിദേശ രാജ്യങ്ങളിലും ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലുമുള്ള പ്രവാസി മലയാളികൾക്കും കുടുംബാംഗങ്ങൾക്കും പദ്ധതിയിൽ അംഗങ്ങളാകാൻ കഴിയും.

☸☸☸☸☸☸☸☸☸☸☸☸☸

## SEVA PARV- AFFORDABLE HOUSING (INTRO)

പൊതുസേവനവും സദ്ഭരണവും മുഖമുദ്രയാക്കി കേന്ദ്ര സർക്കാർ കഴിഞ്ഞ 11 വർഷത്തിനിടെ സ്മാർട്ട് സിറ്റി പദ്ധതിയിലൂടെ നഗര ഇടങ്ങൾ പുനർനിർമ്മിക്കുകയും പൗരന്മാരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുകയും ചെയ്യുന്നതിനായി നടപ്പിലാക്കിയ പ്രവർത്തനങ്ങളാണ് പ്രത്യേക പരമ്പരയായ 'സേവ പർവിൽ' ഇന്ന്. **(മ്യൂസിക്)**

❁❁❁❁❁❁❁❁❁❁❁❁❁

## PM - NAVRATRI

നവരാത്രി ആഘോഷങ്ങൾക്ക് രാജ്യത്ത് തുടക്കമായി.രാജ്യത്തെ ജനങ്ങൾക്ക് നവരാത്രി ആശംസകൾ നേർന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ഈ ഉത്സവകാലത്ത് ഏവരുടെയും ജീവിതം ആരോഗ്യപൂർണവും സൗഭാഗ്യകരവുമാകട്ടെയെന്ന് ശ്രീ മോദി ആശംസിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## NAVARATHRI POOJA

തിരുവനന്തപുരത്തെ നവരാത്രി ആഘോഷങ്ങളുടെ ഭാഗമായുള്ള നവരാത്രി വിഗ്രഹ ഘോഷയാത്രയ്ക്ക് നേമത്ത് ഔദ്യോഗിക സ്വീകരണം നൽകി. ഘോഷയാത്ര അൽപ്പ സമയത്തിനകം ശ്രീപദ്മനാഭ സ്വാമി ക്ഷേത്രത്തിൽ എത്തിച്ചേരും. തലസ്ഥാനത്ത് രാത്രി 8.00 വരെ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തി.

❁❁❁❁❁❁❁❁❁❁❁❁❁

## GEORGE KURIEN

കോഴിക്കോട് ചാലപ്പുറം കേസരി ഭവനിൽ നടക്കുന്ന നവരാത്രി സർഗ്ഗോത്സത്തിന്റെ ഉദ്ഘാടനം കേന്ദ്ര സഹ മന്ത്രി ജോർജ് കുര്യൻ നിർവഹിച്ചു. നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന വയനാട് സുഗന്ധഗിരി ട്രൈബൽ മ്യൂസിയവും അദ്ദേഹം സന്ദർശിച്ചു.

## CRICKET

ഏഷ്യ കപ്പ് ക്രിക്കറ്റിൽ ഇന്ത്യ-ബംഗ്ലാദേശ് പോരാട്ടം മറ്റന്നാൾ.രാത്രി എട്ടിന് ദുബായ് ഇന്ററർനാഷണൽ സ്റ്റേഡിയത്തിലാണ് മത്സരം.നിലവിൽ ഗ്രൂപ്പ് എ യിൽ ആറു പോയിന്റുമായി ഒന്നാം സ്ഥാനത്താണ് ഇന്ത്യ. ഇന്നലെ നടന്ന മത്സരത്തിൽ ടീം ഇന്ത്യ പാക്കിസ്ഥാനെ ആറു വിക്കറ്റിന് കീഴടക്കിയിരുന്നു.നാളെ പാകിസ്ഥാൻ, ശ്രീലങ്കയെ നേരിടും.

## SWACHHTHA CAMPAIGN

സ്വച്ഛിതാ ഹി സേവ ക്യാമ്പയിന്റെ ഭാഗമായി സെൻട്രൽ ബ്യൂറോ ഓഫ് കമ്മ്യൂണിക്കേഷൻ്റെ സംയോജിത ബോധവത്കരണ പരിപാടിയുടെ മുന്നോടിയായി തിരുവനന്തപുരം വേളിയിൽ കടൽ തീരശുചീകരണ യജ്ഞം സംഘടിപ്പിച്ചു. തിരുവനന്തപുരം ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിലെ വിദ്യാർത്ഥികൾ,എൻസിസി, എൻഎസ്എസ് വോളണ്ടിയർമാർ എന്നിവർ പങ്കെടുത്തു.

## DETAILED STOCKS

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം . ബോംബെ ഓഹരി സൂചിക സെൻസെക്സ് 466 പോയിന്റ് താഴ്ന്ന് 82,160 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 125 പോയിന്റ് നഷ്ടത്തിൽ 25,202 ലും വ്യാപാരം അവസാനിപ്പിച്ചു.

സ്വർണവില ഉയർന്നു. പവന് 360 രൂപ വർദ്ധിച്ച് 82,920 രൂപയും ഗ്രാമിന് 10,365 രൂപയുമാണ് ഇന്നത്തെ വില.

❁❁❁❁❁❁❁❁❁❁❁❁❁

## REV.BHUPENDER-CPCB

രാജ്യം 5 ട്രില്യൺ ഡോളർ സമ്പദ്‌വ്യവസ്ഥയായി മാറുമ്പോൾ, സമ്പദ്‌വ്യവസ്ഥയും പരിസ്ഥിതിയും പരസ്പരം യോജിക്കുന്ന തരത്തിൽ പരിസ്ഥിതി നിയന്ത്രണ ചട്ടങ്ങൾ വികസിപ്പിക്കേണ്ടത് ആവശ്യമാണെന്ന് കേന്ദ്രമന്ത്രി ഭൂപേന്ദർ യാദവ്. ഹരിതവും ശുചിത്വപൂർണവുമായ ഇന്ത്യയെ സൃഷ്ടിക്കുന്നതിൽ കേന്ദ്ര മലിനീകരണ നിയന്ത്രണ
ബോർഡിന്റെ പങ്ക് നിർണായകമാണെന്ന് ശ്രീ ഭൂപേന്ദർ യാദവ് വ്യക്തമാക്കി. ന്യൂഡൽഹിയിൽ സിപിസിബിയുടെ 51-ാമത് സ്ഥാപക ദിന പരിപാടിയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം .

❁❁❁❁❁❁❁❁❁❁❁❁❁

❁❁❁❁❁❁❁❁❁❁❁❁❁

❁❁❁❁❁❁❁❁❁❁❁

❁❁❁❁❁❁❁❁❁

❁❁❁❁❁❁❁

❁❁❁❁❁